"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്-പിണറായി പെരുമ സർഗോത്സവം 2026 ന്റെ ഭാഗമായി അഞ്ചരക്കണ്ടി പുഴയിൽ ജലോത്സവം സംഘടിപ്പിക്കുന്നതിന് -ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.27/2026/TSM തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-
1. പിണറായി പെരുമ കൾച്ചറൽ & ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് സമർപ്പിച്ച 20.10.2025 തീയതിയിലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 15-12-2025 തീയതിയിലെ DOT/3720/2025-M1 നം. കത്ത്.

**<u>ഉത്തരവ്</u>**

പിണറായി പെരുമ സർഗോത്സവം 2026 ന്റെ ഭാഗമായി അഞ്ചരക്കണ്ടി പുഴയിൽ ജലോത്സവം നടത്തുന്നതിന് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പിണറായി പെരുമ കൾച്ചറൽ & ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധർമ്മടം മണ്ഡലത്തിലെ വിവിധ ബോട്ട് ജെട്ടികൾ കേന്ദ്രീകരിച്ചുകൊണ്ട് ജലോത്സവം നടത്തുന്നത് വഴി നാടിന്റെ ടൂറിസം സാധ്യതകൾ പുറംലോകത്തെ അറിയിക്കുവാനും , അഡ്വഞ്ചർ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുവാനും സാധിക്കുമെന്ന വസ്തുത കണക്കിലെടുത്ത് , പിണറായി പെരുമ സർഗോത്സവം 2026 ന്റെ ഭാഗമായി അഞ്ചരക്കണ്ടി പുഴയിൽ ജലോത്സവം സംഘടിപ്പിക്കുന്നതിനായി, "3452-80-104-98-00-34-03- മാർക്കറ്റിംഗ്-(പ്ലാൻ) )" എന്ന ശീർഷകത്തിൽ നിന്നും ₹20,00,000/-രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം പിണറായി പെരുമ കൾച്ചറൽ & ചാരിറ്റബിൾ സൊസൈറ്റി പ്രസിഡണ്ട് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പ്രസിഡന്റ്, പിണറായി പെരുമ കൾച്ചറൽ & ചാരിറ്റബിൾ സൊസൈറ്റി (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II) കേരള,തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 16-01-2026 10:52:36
സെക്ഷൻ ഓഫീസർ

പകർപ്പ്:

1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്